# كلية الأبرار لتربية البنات

# ABRAR BANATH COLLEGE

***(Run by Majlisul Abrar Charitable Trust)***

VADUTHALA, THRICHATTUKULAM.P.O.,
PIN- 688 526, ALAPPUZHA (DT.),
Mob : 9846730670, 9526535819, 9061055501
E-mail: **abrarbanath2016@gmail.com**

PROSPECTUS 2019-20

മാന്യരെ,

അസ്സലാമു അലൈക്കും

നമ്മുടെ പെൺമക്കൾ ഇസ്‌ലാമിക സംസ്കാരത്തിൽ ജീവിച്ച് ഇരുലോകത്തും ഗുണപ്പെടുവാൻ മതധാർമ്മിക ബോധം അവർക്ക് നൽകിയേ തീരു. ദീനി അന്തരീക്ഷത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അഭാവത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഇന്ന് പ്രതിസന്ധിയിലാണ്. ഇതിനൊരു വിനീതപരിഹാരം എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന അബ്റാർ ബനാത് കോളേജിലെ 2019-20 വർഷത്തെ താഴെവിവരിക്കുന്ന കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

## കോഴ്സുകൾ

**സ്വാലിഹ:** +1,+2(ഹുമാനിറ്റീസ്, കൊമേഴ്സ്) വിദ്യാഭ്യാസത്തോടൊപ്പം ഖുർആൻ, ഹദീസ്, നഹ്‌വ്, സ്വർഫ്, കർമ്മശാസ്ത്രം, തസവ്വുഫ്, ചരിത്രം തുടങ്ങിയ വിഷയങ്ങളും തിരഞ്ഞെടുക്കപ്പെട്ട സൂറത്തുകളുടെ മനപാഠവും. (3 വർഷം)

**ആലിമഃ:** +1,+2(ഹുമാനിറ്റീസ്, കൊമേഴ്സ്) ഡിഗ്രി(ബി.എ) വിദ്യാഭ്യാസത്തോടൊപ്പം ഖുർആൻ, ഹദീസ്, നഹ്‌വ്, സ്വർഫ്, കർമ്മശാസ്ത്രം, തസവ്വുഫ്, ചരിത്രം തുടങ്ങിയ വിഷയങ്ങളും. (5വർഷം)

**ഹാഫിളഃ** : വിശുദ്ധ ഖുർആൻ മനഃപാഠമാക്കൽ

## പ്രവേശന നിബന്ധനകൾ

1. നിശ്ചിത അപേക്ഷ ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും നടപടികൾ പൂർത്തിയാക്കി പ്രവേശനം അനുവദിക്കുന്നതുമാണ്.
2. ഈ സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിന് വിദ്യാർത്ഥികളും രക്ഷകർത്താക്കളും സ്ഥാപനാധികൃതരോട് പൂർണ്ണമായും സഹകരിക്കേണ്ടതാണ്.
3. സ്ഥാപനം സ്കൂൾ വർഷക്രമത്തിൽ പ്രവർത്തിക്കുന്നതിനാൽ പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിച്ച് തുടങ്ങുന്നത് ഏപ്രിൽ മാസത്തിലും പ്രവേശന സംബന്ധമായ മറ്റുനടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് മെയ് മാസത്തിലുമായിരിക്കും.
4. കുട്ടി ഹോസ്റ്റൽ ജീവിതത്തിന് അനുയോജ്യമായ ശാരീരിക മാനസിക അരോഗ്യമുള്ളവരായിരിക്കണം.

## നിയമാവലി

1. ഓരോ വിദ്യാർത്ഥിനിയും അഹ്‌ലുസ്സുന്നത്ത് വൽജമാഅത്തിന്റെ ആശയാദർശങ്ങൾക്ക് അനുസൃതമായി ജീവിക്കുന്നവരും ഇസ്ലാമിക ചട്ടക്കൂടിൽ കഴിയുന്നവരുമായിരിക്കണം.
2. ഹോസ്റ്റലിൽ നിർദ്ദേശിക്കപ്പെടുന്ന സമയവിവരപ്പട്ടിക അനുസരിച്ച് പൂർണ്ണമായും അച്ചടക്കത്തോടെ ദിനചര്യകൾ നിർവ്വഹിക്കേണ്ടതാണ്.
3. വാർഡന്റെ അനുമതി കൂടാതെ പുറത്ത് പോവുകയോ സന്ദർശകരെ സ്വീകരിക്കുകയോ ചെയ്യരുത്.

4. വിദ്യാർത്ഥിനികൾക്ക് വരുന്നതും വിളിക്കുന്നതുമായ ഫോണുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.
5. വിദ്യാർത്ഥിനികളുടെ കൈവശമുള്ള എല്ലാ വസ്തുക്കളും സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം വിദ്യാർത്ഥിനിയിൽ തന്നെ നിക്ഷിപ്തമാണ്.
6. സ്വർണ്ണാഭരണങ്ങൾ, വാച്ച് മുതലായ വിലപിടിപ്പുള്ള വസ്തുക്കൾ കൈവശം വെക്കാൻ അനുവാദമില്ലാത്തതും ആ വകയിലുള്ള വല്ലതും നഷ്ടപ്പെട്ടാൽ മദ്രസ ഉത്തരവാദിയാകുന്നതുമല്ല.
7. മൊബൈൽഫോൺ,വാക്മാൻ പോലുള്ള ഇലക്ട്രിക് ഉപകരണങ്ങൾ കർശനമായി നിരോധിച്ചിരിക്കുന്നതും ആ വകയിൽ വല്ലതും പിടിക്കപ്പെട്ടാൽ വിദ്യാർത്ഥിയുടെ തുടർപഠനം അനുവദിക്കുന്നതുമല്ല.
8. വിദ്യാർത്ഥിനികളെ തവണകൾ നിശ്ചയിച്ച് പാചക, ശുചീകരണ ജോലികൾ പരിശീലിപ്പിക്കുന്നതാണ്.
9. മദ്രസ്സയിൽ ചേർക്കപ്പെടുന്ന കുട്ടികളിൽ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ ആ വിവരം മറച്ചുവെക്കാതെ തുറന്നു പറയുക.
10. മദ്രസ്സയിൽ നിന്ന് പുറത്തിറങ്ങുന്ന സമയം പൂർണ്ണമായും പർദ്ദയും, നിഖാബും ധരിച്ചിരിക്കേണ്ടതാണ്.
11. ഫാൻസി/മേക്കപ്പ് ഐറ്റംസ് കൊണ്ടുവരുന്നത് കർഷനമായി നിരോധിച്ചിരിക്കുന്നു.

## അവധി

ഈദുൽ ഫിത്വർ, ഈദുൽ അള്ഹ എന്നീ പെരുന്നാളുകൾക്കും, റബീഉൽ അവ്വൽ 5മുതൽ13 വരെയും ഏപ്രിൽ1 മുതൽ മെയ്25 വരെയും കുട്ടിയുടെ രക്തബന്ധത്തിലുള്ള വിവാഹം, മരണം മുതലായ അടിയന്തിര ഘട്ടങ്ങളിലും മാത്രമേ അവധി അനുവദിക്കുകയുള്ളൂ. ഈ സന്ദർഭത്തിൽ രക്ഷിതാക്കൾ നേരിട്ട് വന്ന് കുട്ടിയെ കൊണ്ടുപോകേണ്ടതാണ്.

## ദിനചര്യ

തഹജ്ജുദ് (സുബഹിക്ക് അരമണിക്കൂർ മുമ്പ്) , സുബഹി, യാസീൻ, ദിക്റുകൾ.
6:30-7:30 തജ്വീദ്, ഖുർആൻ
7:30-9:25 പ്രാഥമികാവശ്യനിർവ്വഹണം, ഭക്ഷണം
9:30-10:10, 10:10-10:50 ക്ലാസ്സ്. 10മിനിറ്റ് വിശ്രമം
11:00-11:40, 11:40-12:20 ക്ലാസ്സ്. 12:20-1:00 വിശ്രമം
01:00-01:55 നിസ്കാരം, ഭക്ഷണം
02:00-2:40, 2:40-3:20 ക്ലാസ്സ്, 5മിനിറ്റ് വിശ്രമം
3:25-4:15 ക്ലാസ്സ് 4:30 - അസർ നിസ്കാരം, ദിക്റുകൾ,
മഗ്രിബിന് 20 മിനിറ്റ് മുമ്പ് വരെ വിശ്രമം.
മഗ്രിബിന് മുമ്പ് തഅ്ലീം വായന, ദുആ
മഗ്രിബ് നിസ്കാരം, മുൽക്, അൽ വാഖിഅഃ, പഠനം
8:15 ഇശാഅ്, വിത്ർ, ഹദ്ദാദ്, ഭക്ഷണം, പഠനം
10:30 ഉറക്കം

## സന്ദർശനം

?രണ്ടാഴ്ചയിൽ ഒരിക്കൽ ഞായർ ദിവസങ്ങളിൽ മാത്രമേ സന്ദർശനാനുമതി ലഭിക്കുകയുള്ളൂ.

?സന്ദർശന സമയം രാവിലെ 7 മുതൽ വൈകുന്നേരം 6വരെ മാത്രമായിരിക്കും.

?സന്ദർശനത്തിന് വരുമ്പോൾ മദ്രസ്സയിൽനിന്ന് നൽകിയ രേഖ നിർബന്ധമായും കൊണ്ടു വരേണ്ടതാണ്. (രേഖയില്ലാതെ സന്ദർശനാനുമതി ലഭിക്കുകയില്ല).

?സന്ദർശിക്കുന്ന പുരുഷന്മാർ വിദ്യാർത്ഥിനികളുടെ മഹ്റമായിരിക്കേണ്ടതാണ്.

?സന്ദർശനം 20 മിനിറ്റിൽ അധികമാകാതിരിക്കുക.

?സന്ദർശനത്തിന് പരമാവധി മൂന്നിൽ കൂടുതൽ ആളുകൾ വരാതിരിക്കുക.

?സന്ദർശകർ നിശ്ചയിക്കപ്പെടുന്ന സ്ഥലത്ത് ഇരിക്കേണ്ടതും ഇതര വിദ്യാർത്ഥിനികളുമായി ഒരു നിലക്കും ബന്ധപ്പെടുവാനും പാടുള്ളതല്ല.

?വെള്ളി രാവിലെ 6.30 To 2.30 വരെയും വൈകുന്നേരം 5:00 To 6:30 വരെയും ഫോൺ സൗകര്യം ലഭിക്കുന്നതും പരമാവധി 10 മിനിറ്റിൽ (മാസത്തിൽ 2തവണമാത്രം) കൂടുതൽ സംസാരം ദീർഘിപ്പിക്കാവുന്നതുമല്ല. കുട്ടികൾക്ക് കൈമാറാവുന്ന ഫോൺ നമ്പരുകൾ നേരത്തെ സ്ഥാപനത്തിൽ അറിയിക്കേണ്ടതാണ്.

**വിദ്യാർത്ഥിനികളെ ബന്ധപ്പെടാനുള്ള നമ്പർ : 96561 33666, 9072442547**

## ഫീസ് വിവരം

| | | |
|---|---|---|
| പ്രവേശന ഫീസ് | 1000.00 | പഠനോപകരണങ്ങൾ ചികിത്സാ ചെലവുകൾ പരീക്ഷാഫീസ് മുതലായ ചിലവുകളിലേക്ക് 2000 അഡ്വാൻസായി അടയ്ക്കേണ്ടതും കൂടുതലായി വരുന്ന തുക അറിയിക്കുന്ന മുറക്ക് നൽക്കേണ്ടതുമാണ്. |
| ഡൊണേഷൻ | 5000.00 | |
| ട്യൂഷൻ ഫീസ് | 6000.00 | |
| ആദ്യ മാസത്തെ ഫീസ് | 3500.00 | |
| ആകെ | **15500.00** | |

**തുടർന്ന് എല്ലാ മാസവും 5-ാം തിയതിക്ക് മുമ്പായി മാസഫീസായ 3500 രൂപ എത്തിക്കേണ്ടതാണ്.**

**ABRAR BANATH COLLEGE**
**A/c: 38057895120**
**IFSC : SBIN0070513, AROOKUTTY BRANCH**

എന്ന്,

ഡി.എം. മുഹമ്മദ് മൗലവി
ചെയർമാൻ,അബ്റാർ ബനാത് കോളേജ്
98467 30670, 97441 33666

ജുബൈർ മൗലവി
അബ്റാർ ബനാത് കോളേജ്
90610 55501, 90610 22201

# كلية الأبرار لتربية البنات
# അബ്റാർ ബനാത്ത് കോളേജ്
**(Run by majlisul abrar charitable trust)**

തൃച്ചാറ്റുകുളം പി.ഒ, വടുതല, ആലപ്പുഴ ജില്ല

---

## പുതുതായി പ്രവേശനം ലഭിച്ചവർ
## കൊണ്ടുവരേണ്ട സാധനങ്ങൾ

- ബെഡ്ഷീറ്റ്, തലയണ, തലയണ കവർ & പുതപ്പ്
- ബക്കറ്റ്, കപ്പ്
- ചുരിദാർ 4 സെറ്റ് (മുട്ടിന് താഴെ ഇറക്കമുള്ളതും സൈഡ് കീറ് ഇല്ലാത്തത്) & കോട്ടൺ ഷാൾ
- പർദ്ദ, മക്കന, നിഖാബ് (വർക്ക്, കല്ല് എന്നിവയില്ലാത്തത്)
- നിസ്കാരക്കുപ്പായം
- ഹാങ്കർ
- ചീപ്പ്
- നഖം വെട്ടി
- എണ്ണ
- സോപ്പുകൾ
- +1, +2 വിനും തർബിയ്യയ്ക്കും ആവശ്യമുള്ള നോട്ട് ബുക്കുകൾ
- പേന
- പേസ്റ്റ് & ബ്രഷ്
- താഴ്, താക്കോൽ

ചായയോടൊപ്പം കഴിക്കാവുന്ന 15 ദിവസത്തേക്ക് കേടാവാത്ത പലഹാരങ്ങൾ

**വിദ്യാർത്ഥിനികൾക്ക് അശുദ്ധി സമയത്ത് ഉപയോഗിക്കുവാൻ കോട്ടൺ തുണികൾ പ്രത്യേകം കരുതേണ്ടതാണ്.**